# ഒരു കുടന്ന നിലാവ്

**അച്യുതനുണ്ണി**

ഒരു കണ്ണീർക്കണം ചിന്നു-
മായിരം സൗരമണ്ഡലം
ആത്മബ്രഹ്മവിഹായസ്സി-
ലസ്തമിക്കാതെ നില്പവൻ

ഒരു കൈക്കുമ്പിളിൽ കോരി-
യുത്ത തൂവെണ്ണിലാവിനാൽ
പ്രപഞ്ചഹൃദയം വെമ്പു-
മാമൃതായി നിറഞ്ഞവൻ

ഒരു വെണ്ണക്കല്ലിൽനിന്നു
തേങ്ങും സംഗീതധാരയാൽ
അനന്തസ്നേഹസൗന്ദര്യ-
മന്ദിരങ്ങൾ പണിഞ്ഞവൻ

നിമിഷക്ഷേത്രനടയിൽ
നാമം ചൊല്ലിയിരിക്കവേ
സൂര്യനാരായണൻ ദീപ്ര-
പ്രാണനിൽ തെളിയുന്നവൻ

തുളസിക്കതിരിന്നന്തഃ-
പ്രേമസൗരഭ്യശുദ്ധിയിൽ
മനഃസാക്ഷിയിൽ വാടാത്ത
താമരപ്പൂ വിരഞ്ഞവൻ

ഇടിഞ്ഞുപൊളിയും ലോകം
കണ്ടു ചിത്തഭ്രമത്തോടേ
ഊറും കണ്ണീരിലുറയും
മുത്താൽ നാകം രചിപ്പവൻ

ത്രിഗുണാത്മികയായ് ബ്രഹ്മ-

സൂത്രത്തിൽ പ്രകൃതീശ്വരി
തെളിഞ്ഞപ്പോൾ പ്രപഞ്ചത്തെ–
ക്കൈയിൽ നെല്ലിക്കയാക്കിയോൻ

നിത്യമേഘച്ഛായ പെയ്യും
ശിതളാനുഗ്രഹങ്ങളാൽ
വജ്രം തുളച്ച രത്നങ്ങൾ–
ക്കുള്ളിൽ വീണ്ടും കടന്നവൻ

സ്വർഗത്തിൽ നിന്നൂർന്നിറങ്ങി–
പ്പാതാളനരകങ്ങളിൽ
പിടഞ്ഞ ഭൂവിൽ സ്നേഹത്തി–
ന്നിതിഹാസം ചമച്ചവൻ

ഭൂതകാരുണിയാം നാഭീ–
പത്മസൗരഭ്യവീചിയിൽ
ബലിദർശനപുണ്യത്താൽ
സ്വർണവർണമണിഞ്ഞവൻ

നിഷ്കളങ്കം ചിരിക്കുന്ന
ചിരിയിൽ പൂത്തുനില്പിതാ
ആത്മാവിൻ നന്ദനാരാമ–
നിത്യവാസന്തവിസ്മയം!

നാലുംകൂട്ടി മുറുക്കുന്നു
ണ്ടാറും കൂട്ടിയുമങ്ങനെ
തുഞ്ചന്റെ ചക്കായാടുന്നു
നാവിൽ സ്നേഹാരുണസ്രവം.

എന്റെയല്ലീ ക്ഷേത്രമെന്നു
മന്ത്രിക്കും ചുണ്ടിലെപ്പോഴും
ഓങ്കാരപ്പൊരുളാം സത്യം
മെത്തും മേശാന്തിയാമിവൻ

പഞ്ചേന്ദ്രിയങ്ങളാമഞ്ചു
തിരിയിട്ട വിളക്കിനാൽ

പ്രപഞ്ചവിഗ്രഹത്തിന്നു
ദീപാരാധന ചെയ്കയാം

മുണ്ടിൽ ചുണ്ടിൽ മനസ്സിന്റെ
പാലാഴിയിലുമെപ്പൊഴും
നാരായണൻ പാഞ്ചജന്യ-
നാദലീനം ശയിക്കയാൽ

മഹാഭാഗവതാനന്ദ-
ക്കടലിന്നക്കരയ്ക്കിവൻ
നവദ്വാരമെഴും തോണി
തുഴഞ്ഞെത്തുന്നൂ നാവികൻ

ഹൃദയത്തിൽ നിറഞ്ഞേന്തു-
മാനന്ദപ്പുനിലാവിനാൽ
ആനമ്രം നിന്നു നിൻ കാൽക്ക-
ലർച്ചിപ്പൂ പ്രകൃതീശ്വരി.

ഇതിൻ തീരത്തു നില്പല്ലോ
ഞങ്ങളീപ്പുൽത്തലപ്പുകൾ
അയുതം ചന്ദ്രകാന്തങ്ങൾ
നിൻപദത്തിൽച്ചൊരിഞ്ഞിടാൻ